**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2158** **03-03-2025 - ൽ മറുപടിയ്ക്ക്**

**ആയുഷ്മാൻ ഭാരത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആയുഷ്മാൻ ഭാരത് പദ്ധതിയിലുൾപ്പെടുത്തി എഴുപത് വയസ്സ് കഴിഞ്ഞ എല്ലാവർക്കും ചികിത്സ ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളായ കുടുംബാംഗങ്ങളിൽ ഉൾപ്പെട്ട 70 വയസ്സിന് മുകളിലുള്ള വ്യക്തികൾക്ക് സൗജന്യ ചികിത്സ സംസ്ഥാനത്ത് നിലവിൽ നൽകി വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ 'വയവന്ദന' പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ച് വരികയാണ് |
| (ബി) | ഇത് പ്രകാരം എത്ര ആളുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എതെല്ലാം ആശുപത്രികളിലാണ് ചികിത്സാ അനുബന്ധ സേവനങ്ങൾ ലഭിക്കുന്നതെന്നും ഇതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ; | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു |
| (സി) | പ്രസ്തുത പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ സംസ്ഥാന സർക്കാരിന്റെ മറ്റ് ഇൻഷ്വറൻസ് പദ്ധതികളിൽ നിന്നും സ്കീമുകളിൽനിന്നും ഒഴിവാക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടി സ്വീകരിക്കാനിടയായ സാഹചര്യം എന്താണെന്നും ഈ വീഴ്ച പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (സി) | KASP പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങളിൽ വയവന്ദന യോജന കാർഡ് എടുത്ത അംഗങ്ങൾക്ക് കാസ്പ് പരിരക്ഷ നിലവിൽ നൽകി വരുന്നുണ്ട്. പദ്ധതിയുടെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ സംബന്ധിച്ചുള്ള വിഷയത്തിൽ അധിക ഫണ്ട് അനുവദിക്കുന്നതിനും യഥാർത്ഥ ചെലവിന് ആനുപാതികമായി പ്രീമിയം റേഷ്യോ നിശ്ചയിക്കുന്നതിനും ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. ഇക്കാര്യം എൻ.എച്ച്.എയും കേന്ദ്രസർക്കാരും പരിശോധിച്ച് വരികയാണ് എന്ന് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ